# ‘Good News’ - Accepted and Rejected ones.

## (സുവാർത്ത കേട്ടവരും , കൈവിട്ടവരും.(ലൂക്കോ 2:1-10)

മാധ്യമങ്ങളും , ദിനപത്രങ്ങളും പ്രഭാതം മുതൽ പ്രദോഷം വരെ ഭീതിയും , നിരാശയും നിറഞ്ഞു നില്ക്കുന്ന വാർത്തകളാണ് ലോകജനതയ്ക്ക് ഇന്ന് പ്രദാനം ചെയ്യുന്നത്. ആഘോഷ ങ്ങളും , ആർഭാടങ്ങളും  ഉയർത്തികാട്ടുന്ന ജനങ്ങൾക്ക് അഥവാ ധ്യുതിയുടെ ലോകത്തിന് സുവാർത്ത കേൾക്കുവാനും അതിനായി ഇടം  ഒരുക്കുവാനും താല്പര്യമില്ല.

രണ്ടായിരത്തിൽപരം വർഷങ്ങൾക്കു മുമ്പ് ഔഗുസ്തൊസ് കൈസർ പേർവഴി ചാർത്തു വാൻ അഥവാ സെൻസസ് എടുക്കുവാൻ കല്പന പുറപ്പെടുവിച്ചു . ഓരോ പതിനാലുവർഷം കൂടുമ്പോഴാണ് സെൻസസ് എടുത്തിരുന്നത്. ഇതിന് രണ്ട് ഉദ്ദേശമാണ് ഉണ്ടായിരുന്നത്. (1) നികുതിദായകരുടെ കണക്ക് ലഭിക്കുക ,(2) പട്ടാളത്തിലേക്ക് നിർബന്ധസേവനത്തിന് ആളെ ചേർക്കുക, (യഹൂദൻമാരെ റോമൻ ഗവൺമെന്റ് പട്ടാളത്തിൽ എടുത്തിരുന്നില്ല. ) എല്ലാവരും പേര് രജിസ്റ്റർ ചെയ്യുവാൻ അവരവരുടെ പട്ടണത്തിലേക്ക് പോകേണ്ടതായി വന്നു. നസറേത്തിൽ നിന്ന് ബേത്‌ലഹേമിലേക്ക് എൺപതു മൈൽ ദൂരമുണ്ട്. താൻ ജനിച്ചത് ബോത്‌ലഹേമിൽ ആയതിനാ ലും, ദാവീദിന്റെ കുടുംബത്തിൽപ്പെട്ട വ്യക്തി ആയതിനാലും യോസഫ് എന്ന നീതിമാനായ യുവാ വിനും അവിടെ പോയേ മതിയാകുകയുള്ളു.

യോസഫ് തനിയേ അല്ല അവിടേക്ക് പുറപ്പെട്ടത് കൂടെ തനിക്ക് വിവാഹം നിശ്ചയിച്ച സ്ത്രീയും ഉണ്ടായിരുന്നു.ഗർഭിണിയാണ് തന്റെ ഭാര്യ എന്നറിഞ്ഞ് രഹസ്യമായി ഉപേക്ഷിക്കുവാൻ ശ്രമിച്ചു എങ്കിലും ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷനായി പറഞ്ഞവാക്കുകളെ മാനിച്ച് അവളെ കൂടെ കൂട്ടുക ആയിരുന്നു.

(മത്താ: (1:9-20,24)

[വിവാഹം കഴിയാതെ എങ്ങനെ മറിയ ഭാര്യയായി ?                (ലൂക്കോസ് (2:4)]

യെഹൂദൻമാരുടെ വിവാഹങ്ങൾക്ക് മൂന്ന് ഘട്ടങ്ങളുണ്ട്.

ഒന്ന് - ശിശുക്കളായ മക്കൾക്ക് വിവാഹാലോചനയും ഉറപ്പിക്കലും മാതാപിതാക്കൾ നടത്തുന്നു.

രണ്ട് - പ്രായപൂർത്തി ആയശേഷം പ്രതിശ്രുതവധുവരൻമാർ തമ്മിലുള്ള ഉഭയസമ്മതം നടക്കുന്നു. പ്രായോഗിക തലത്തിൽ അവർക്കൊരുമിച്ച് കഴിയുവാൻ അനുവാദമില്ല എങ്കിലും നിയമാ നുസൃത ഭാര്യാഭർത്താക്കൻമാരായിട്ടാണ് അവർ അറിയപ്പെടുന്നത്. വിവാഹമോചനത്താ ലോ, മരണത്താലോ മാത്രമേ ഈ ബന്ധം അവസാനിക്കുകയുള്ളൂ.

മൂന്ന് - ഒരു വർഷത്തെനീണ്ടകാത്തിരിപ്പിനുശേഷമുള്ളവിവാഹം.

(ഇതിനു മുമ്പ് ഭാര്യ ഗർഭിണി ആയാൽ അവൾ നിന്ദ്യയാണ്. പരസ്യമായി ഇങ്ങനെയുള്ള

വരെ കല്ലെറിഞ്ഞു കൊല്ലണമെന്നാണ് നിയമം. ഈ പരസ്യ അപവാദത്തിന് മറിയയെ ഏല്പിക്കാതെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചതാണ് ദൂതന്റെ വാക്കിനാൽ മാറ്റിയത്. )

Joseph was a man who always did what was right.

ശുഭകാര്യങ്ങൾ നടക്കുമ്പോൾ അതിൽ ഭാഗഭാക്കാകുവാൻ , ശുഭകാര്യങ്ങൾ കേൾക്കുവാൻ എല്ലാവർക്കും ഭാഗ്യമുണ്ടാകയില്ല. ധൃതിയുടെ ലോകത്തിൽ ക്ഷമ, ഉത്തരവാദിത്തബോധം, അനുസരണം, ലക്ഷ്യബോധം ഇവ ഉള്ളവർക്കേ ഈ ഭാഗ്യം ലഭ്യമാകുകയുള്ളൂ.

വഴിയാത്രക്കാർക്ക് അന്ന് ഇടത്താവളങ്ങളായിരുന്നു ഉണ്ടായിരുന്നത് വഴിയമ്പലങ്ങൾ അഥവാ സത്രങ്ങൾ ആയിരുന്നു. ഓരോരുത്തർ അവരവർക്ക് പാകം ചെയ്യുവാനുള്ള ആഹാരസാധനങ്ങളുമായിട്ടാണ് യാത്രചെയ്യുന്നത്. വഴിയമ്പലത്തിൽ അവരവരുടെ വാഹനമൃഗങ്ങൾക്കാവശ്യമായ വൈക്കോലും , തീയും , വിറകും ലഭിക്കും. നമ്മുടെ കന്നുകാലികൾക്ക് വൈക്കോലിട്ടു കൊടുക്കുന്ന ഇടുങ്ങിയ ഇടം പോലെയല്ല അന്നത്തെ പശുത്തൊട്ടി. ലായത്തിന് നടുക്ക് വിസ്തൃമായ സ്ഥലമാണ് അന്നത്തെ പശുത്തൊട്ടി, ചുറ്റും മൃഗങ്ങളേയും കെട്ടുന്നു. മൃഗങ്ങളുടെ സുരക്ഷിതത്വമോർത്ത് നാണക്കേട് ഓർക്കാതെ ഈ പശുത്തൊട്ടിയിൽ വിശ്രമിക്കുന്നവരുമുണ്ട്.

ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലെ ഇപ്രകാരമുള്ള ഒരു വഴിയമ്പലത്തിലേക്കാണ് യോസഫും , പൂർണ്ണഗർഭിണിയായ മറിയയും എത്തിയത്. പക്ഷേ ഈ സത്രഉടമ ഇവരോട് ദയ കാട്ടിയില്ല. “There was no room for them to stay in the inn”. ‘കരുണയുള്ളവർ ഭാഗ്യവാൻമാർ അവർക്ക് കരുണ ലഭിക്കും’. (മത്താ :5:7)

കരുണയില്ലാത്ത സത്രഉടമ അവർക്ക് ഇടം നൽകാതെ പുറത്താക്കി. അതിനാൽ ഈ ശാപഗ്രസ്തന്റെ പേർ തിരുവചനത്തിൽ ഒരിടത്തും കാണുന്നില്ല. എന്നാൽ ഓർക്കുക - ക്രൂശു ചുമക്കുവാൻ യേശുനാഥനെ സഹായിച്ച കുറേനക്കാരനായ ശീമോന്റെയും അവന്റെ മക്കളുടെയും പേര് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വയലിൽ നിന്നു വന്ന പുറജാതിക്കാരനായിട്ടല്ല , പിന്നയോ ക്രൂശിന്റെ പങ്കാളിയായിട്ടാണ് ക്രിസ്തു അവനെ കണ്ടത്. Read - ലൂക്കോ : (23:26)

മർക്കോ: (15:21), റോമർ(16:13)

ഒരു പുതുവർഷം നമ്മെ സമീപിക്കുന്നു. സുവാർത്തദൂത് കേൾക്കുവാൻ തയ്യാറാകാതെ കരുണയില്ലാത്ത സത്രഉടമയെപ്പോലെ 'ഇടം ഇല്ല' എന്ന് പറഞ്ഞ് ഹൃദയവാതിൽ അടയ്ക്കുന്നവരാകരുതെന്ന് അഭ്യർത്ഥിക്കുന്നു. 'സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം' കേൾക്കുവാനും , കാണുവാനും, അനുഭവിപ്പാനുമുള്ള ഭാഗ്യം പുതുവർഷം കരസ്ഥമാക്കുമെന്ന് തീരുമാനിക്കുക. ഈ സന്തോഷം നഷ്ടമാക്കിയ അടുത്തകൂട്ടർ തെരുവിലെ കോലാഹലത്തിൽ മുഴുകിയവർ , മണിമന്ദിരങ്ങളിൽ ലോകസുഖത്തിൽ മുഴുകി കഴിയുന്നവർ, യഹൂദനെ വെറുക്കുന്നവർ, ഉത്തരവാദിത്തമില്ലാത്ത അലസർ, അനുസരണം കെട്ടവർ, ഇവരോടൊന്നും ദൂതൻ സന്തോഷവാർത്ത അറിയിച്ചില്ല.

ആഡംബരമോ, പാരമ്പര്യമോ, വിദ്യാഭ്യാസമോ അല്ല സ്വർഗ്ഗീയദൂത് ലഭിപ്പാനുള്ള യോഗ്യത. പ്രതികൂല സാഹചര്യത്തിലും തങ്ങളെ ഏൽപ്പിച്ച ചുമതലകൾ ഭംഗിയായി ചെയ്ത അഥവാ രാത്രിയിൽ ആട്ടിൻകൂട്ടത്തെ കാവൽകാത്ത് വെളിയിൽ പാർത്തിരുന്നവരെപ്പോലെയുള്ളവരെ അത്രെ (ലൂക്കോ :2:8) സുവാർത്ത ദൂത് കൈമാറുവാൻ ദൂതൻ തിരഞ്ഞെടുത്തത്. ഈ രക്ഷിതാവിനെപ്പറ്റി അറിയുവാൻ ആഗ്രഹിക്കുക.

കൃപയുടെ കാലം തീരാറായി എന്ന് ലോകസംഭവങ്ങൾ വിളിച്ചറിയിക്കുന്നു. കോലാഹലങ്ങൾ താല്ക്കാലികം , രക്ഷയോ നിത്യം. സുവാർത്ത കേൾക്കുവാനുള്ള സാഹചര്യം ധാരാളം നമുക്ക് ലഭിക്കുന്നുണ്ട്. കേട്ട്, ഗ്രഹിച്ച്, അംഗീകരിപ്പാൻ ഈ പുതുവർഷം ദൈവം നിങ്ങളെ സഹായിക്കട്ടെ. സഹോദരങ്ങളെ ! ഹൃദയത്തിൽ അവനിടം നൽകുവാൻ തയാറാകുക. അത് വായ്കൊണ്ട് ഏറ്റുപറയുക.

Oh ! Lord there is enough room in my house, and in my heart for you.